എൽ. കെ. ജി., യു. കെ. ജി. നിലവാരത്തിലുള്ള അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് പഠനം

75 [5734] ശ്രീ. ടി. കെ. ബാലൻ:
,, എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തലത്തിൽ വ്യാപിച്ചുവരുന്ന എൽ. കെ. ജി., യു. കെ. ജി. നിലവാരത്തിലുള്ള അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തൊക്കെയാണ്;

(ഡി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി–ഡി) ഉണ്ട്. സംസ്ഥാനത്ത് ശിശുസംരക്ഷണവും, ശിശു വിദ്യാഭ്യാസവും കാര്യക്ഷമവും ഫലപ്രദവുമായി നടത്തുന്നതിനാവശ്യമായ ഒരു സമിതിയെ നിയമിച്ചിരുന്നു. ഈ സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്ന മുറയ്ക്ക് നിബന്ധനകൾ നടപ്പിൽ വരുന്നതാണ്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

76 [5736] ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly